ഉത്തരം

കായംകുളം മണ്ഡലത്തിൽ നഗരസഭ വാർഡ് 18-ൽ പട്ടികജാതി കുടുംബങ്ങൾ ഏറെ താമസിക്കുന്ന കെ.എച്ച്.എസ്. ഗുരുമന്ദിരം റോഡിൽ പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് വൈദ്യുതി ലൈൻ വലിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ്, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് ലഭ്യമാക്കണമെന്ന് കെ.എസ്.ഇ.ബി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിന് ധനസഹായം

290 (955) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

'ഭൂരഹിതരായ പാവപ്പെട്ട പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതിക്കായി 2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ 100 കോടി രൂപ വകയിരുത്തിയതു വിനിയോഗിച്ച്, എത്ര പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനായി സഹായം നൽകി എന്നും അവർ ആരൊക്കെയാണെന്നുമുള്ള വിശദാംശങ്ങൾ ജില്ല തിരിച്ചു ലഭ്യമാക്കുമോ ?

ഉത്തരം

2014-15-ൽ പട്ടികജാതി വികസനവകുപ്പ് മുഖേന 3566 പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇവരുടെ ജില്ല തിരിച്ചുള്ള പേരു വിവരം ശേഖരിച്ച് നൽകുന്നതാണ്.

തകഴി അംബേദ്കർ കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ

291 (956) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തിക വർഷത്തിൽ സമഗ്രവികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ട കുട്ടനാട്ടിലെ തകഴി അംബേദ്കർ കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly